# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2154** **06/02 /2019- ൽ മറുപടിയ്ക്ക്**

**കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ലെ നിയമനം**

| ചോദ്യം<br>ശ്രീ. എൻ.ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ലെ മാനേജിംഗ് ഡയറക്ടറുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയിലെ നിയമനം ചട്ടം ലംഘിച്ച് നടത്തിയിട്ടുള്ളതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | (എ) | മുമ്പ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിലെ നിയമനം ചട്ടം ലംഘിച്ചുള്ളതല്ല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രോജക്ട്സ്) ശ്രീ.ജി.അശോക് ലാലിനെ കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥകൾ പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. ആയതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും നിരാക്ഷേപ സമ്മതപത്രവും വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. കൂടാതെ തനിക്കെതിരെ ക്രിമിനൽ കേസുകളോ അച്ചടക്കനടപടികളോ ഇല്ല എന്ന് ടിയാൻ സത്യവാങ്മൂലം ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ൽ നടത്തിയ താൽക്കാലിക/ കരാർ നിയമനങ്ങൾ സർക്കാർ അനുമതിയോടുകൂടിയാണോ നടത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ? | (ബി) | ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ചാരിറ്റബിൾ ആക്ട് 1955 പ്രകാരം രൂപീകൃതമായ കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി, ആരോഗ്യ രംഗത്ത് മികച്ച സേവനം ലഭ്യമാക്കി വരുന്നു. സർക്കാരിൽ നിന്നും ഗ്രാന്റോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാതെ സ്വന്തം ഫണ്ടുപയോഗിച്ചാണ് ടി സൊസൈറ്റി പ്രവർത്തിക്കുന്നത്. ദിവസവേതന/കരാർ ജീവനക്കാരെ നിയമിച്ചുകൊണ്ടാണ്<br><br>(............തുടർച്ച) |

| | | | |
|---|---|---|---|
| | | | സൊസൈറ്റിയിലെ ദൈനം ദിന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആയതിന് ആരോഗ്യ വകുപ്പ് മന്ത്രി ചെയർമാനും ആരോഗ്യ വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടർ, ധനകാര്യ, നിയമവകുപ്പുകളിലെ പ്രതിനിധികൾ എന്നിവർ അംഗങ്ങളുമായ ഗവേണിംഗ് ബോഡിയ്ക്കാണ് പരമാധികാരം നിക്ഷിപ്തമാക്കിയിരിക്കുന്നത്. ഈ സ്ഥാപനവുമായി ബന്ധപ്പെട്ട താൽക്കാലിക/ കരാർ നിയമനങ്ങൾ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെയാണ് നടത്തിവരുന്നത്, |

സെക്ഷൻ ഓഫീസർ